روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

# ശഅബാൻ മാസം

04/03/2022

بسم الله الرحمن الرحيم

- ശഅബാൻ മാസം  മുന്നൊരുക്കത്തിന്റെ മാസമാണ്.
- ഒരു വിശുദ്ധ മാസത്തെ സ്വീകരിക്കാനുള്ള മുന്നൊരുക്കത്തിന്റെ മാസം.
- ശഅബാൻ കടന്നു വരുമ്പോൾ നാം മനസ്സിലാക്കേണ്ട അഞ്ചു കാര്യങ്ങളാണ് ഈ ഖുത്ത്ബയിൽ വിവരിക്കുന്നത്.

1. **കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസമാണ്**
2. **നബി (സ്വ) ഏറ്റവും അധികം നോമ്പ് അനുഷ്ഠിച്ച മാസം**
3. **ജനങ്ങൾ അശ്രദ്ധരാകുന്ന മാസം**
4. **റമദാനിലെ നഷ്ടമായ നോമ്പ് പൂർത്തീകരിക്കാനുള്ള സമയം.**
5. **റമദാനിലേക്ക് ഒരുങ്ങുവാനുള്ള മാസം.**

## 1. കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്ന മാസം.

കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നത് മൂന്നു രീതിയിലാണ്.

**1. എല്ലാ ദിവസങ്ങളിലും**

عَن أَبِي هُرَيرَةَ: أَنَّ رَسُولَ اللَّهِ ﷺقالَ :يَتَعاقَبُونَ فِيكُم مَلائِكَةٌ بِاللَّيلِ ومَلائِكَةٌ بِالنَّهارِ، ويَجتَمِعُونَ فِي صَلاةِ الفجر وصَلاةِ العَصرِ، ثُمَّ يَعرُجُ الَّذِينَ باتُوا فِيكُم، فَيَسأَلُهُم رَبُّهُم  وهُوَ أعلَمُ بِهِم: كَيفَ تَرَكتُم عِبادِي؟ فَيَقُولُونَ: تَرَكناهُم وهُم يُصَلُّونَ وأَتَيناهُم وهُم يُصَلُّونَ.(سنن الترمدي)

അബൂഹുറൈറയിൽ(റ) നിന്നും നിവേദനം: നബി (സ്വ) പറഞ്ഞു: നിങ്ങളിൽ രാവും പകലും മാറിമാറി വരുന്ന മലക്കുകൾ ഉണ്ട്. അവർ പ്രഭാത നമസ്കാര വേളയിലും അസർ നമസ്കാര വേളയിലും ഒരുമിച്ചു കൂടുന്നു. ശേഷം നിങ്ങളുടെ കൂടെ കഴിച്ചു കൂട്ടിയിരുന്ന മലക്കുകൾ മുകളിലേക്ക് കയറിപ്പോകുന്നു. അപ്പോൾ അല്ലാഹു അവരോടു ചോദിക്കും -അവൻ അവരെക്കാൾ അറിവുള്ളവനായിരിക്കെതന്നെ  'എങ്ങനെയാണ് എന്റെ ദാസന്മാരെ നിങ്ങൾ വിട്ടേച്ചു പോന്നത്?' അപ്പോൾ അവർ പറയും: 'ഞങ്ങൾ അവരിലേക്ക് ചെന്നപ്പോൾ അവർ നമസ്കാരത്തിലായിരുന്നു, ഞങ്ങളവരെ പിരിഞ്ഞു പോന്നപ്പോഴും അവർ നമസ്കാരതിലായിരുന്നു( മുസ്‌ലിം)

**2. എല്ലാ ആഴ്ച്ചകളിലും**

عَنْ أَبِي هُرَيْرَةَ  قالَ: قالَ رَسُولُ اللَّهِ ﷺ :تُعْرَضُ الأعْمالُ يَوْمَ الِاثْنَيْنِ والخَمِيسِ فَأُحِبُّ أنْ يُعْرَضَ عَمَلِي وأنا صائِمٌ. (التِّرْمِذِيُّ)

അബൂഹുറൈറയിൽ(റ) നിന്നും നിവേദനം: നബി (സ്വ) പറഞ്ഞു: ഒരു ആഴ്ച്ചയിൽ രണ്ടു പ്രാവശ്യം ജനങ്ങളുടെ കർമ്മങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു, അതായത് തിങ്കളാഴ്ച്ചയും വ്യാഴാഴ്ച്ചയും ......... ( മുസ്‌ലിം)

**3. എല്ലാ വർഷത്തിലും.**

عَنْ أُسَامَةَ بْنِ زَيْدٍ رَضِيَ اللَّهُ عَنْهُ قَالَ رَسُولُ اللَّهِ ﷺ: وهو شَهْرٌ تُرْفَعُ فيه الأعمالُ إلى ربِّ العالَمينَ (النسائي)

അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: ആ മാസം (ശഅബാൻ), ലോകങ്ങളുടെ റബ്ബായ അല്ലാഹുവിങ്കലേക്ക് (മനുഷ്യരുടെ ഒരു വർഷത്തെ) കർമ്മങ്ങൾ ഉയർത്തപ്പെടുന്നത് അതിലാകുന്നു.

- വർഷത്തിൽ കർമ്മങ്ങൾ സ്വീകരിക്കുന്ന മാസത്തിലാണ് നാം ഉള്ളത്.
- നമ്മുടെ കർമ്മങ്ങൾ ഉയർത്തപ്പെടുന്ന ഈ മാസത്തിൽ ധാരാളം സൽകർമ്മങ്ങൾ ചെയ്യുവാനുള്ള പരിശ്രമം വിശ്വാസികൾ നടത്തണം.
- കാരണം നാളെ പരലോകത്ത് മീസാനിൽ കർമ്മങ്ങളുടെ രേഖ കനം തൂങ്ങിയാൽ മാത്രമേ വിജയിക്കാൻ കഴിയൂ.

وَالْوَزْنُ يَوْمَئِذٍ الْحَقُّ ۚ فَمَن ثَقُلَتْ مَوَازِينُهُ فَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿الأعراف: ٨﴾

وَمَنْ خَفَّتْ مَوَازِينُهُ فَأُولَٰئِكَ الَّذِينَ خَسِرُوا أَنفُسَهُم بِمَا كَانُوا بِآيَاتِنَا يَظْلِمُونَ ﴿ الأعراف: ٩﴾

- **സലഫുകൾ പറഞ്ഞത്**

أنّ أعْمالَ العِبادِ تُعْرَضُ عَلى اللَّهِ تَعالى كُلَّ يَوْمٍ ثُمَّ تُعْرَضُ عَلَيْهِ أعْمالُ الجُمُعَةِ فِي كُلِّ اثْنَيْنِ وخَمِيسٍ ثُمَّ تُعْرَضُ عَلَيْهِ أعْمالُ السَّنَةِ فِي شَعْبانَ فَتُعْرَضُ عَرْضًا بَعْدَ عَرْضٍ ولِكُلِّ عَرْضٍ حِكْمَةٌ (حاشية السندي على النسائي )

അടിമകളുടെ അമലുകൾ എല്ലാ ദിനത്തിലും അല്ലാഹുവിന് മുന്നിൽ പ്രദർശിപ്പിക്കപ്പെടുന്നുണ്ട്. ആഴ്ച്ചയിലേത് തിങ്കളും വ്യാഴവുമാണ്. വർഷത്തിലേത് ശഅബാനിലും! ഓരോന്നിനു ശേഷം ഓരോന്ന്. ഓരോന്നിനും ചില യുക്തികളുമുണ്ട്....

**2. നബി ﷺ ധാരാളമായി ഈ മാസത്തിൽ നോമ്പനുഷ്ഠിച്ചിരുന്നു.**

عَنْ أُمِّ الْمُؤْمِنِينَ عَائِشَةَ رَضِيَ اللَّهُ عَنْهَا قالتْ: لَمْ يَكُنِ النَّبِيُّ ﷺ يَصُومُ شَهْرًا أَكْثَرَ مِنْ شَعبانَ، فَإِنَّهُ كَانَ يَصُومُ شعْبَانَ كُلَّهُ

ആഇശ (റ) പറഞ്ഞു: "ശഅബാൻ മാസത്തേക്കാൾ ധാരാളമായി മറ്റൊരു മാസങ്ങളിലും നബി ﷺ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നില്ല. അവിടുന്ന് ശഅബാൻ മുഴുവനായും നോമ്പനുഷ്ഠിച്ചിരുന്നു." (ബുഖാരി)

**ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനി (റ) പറയുന്നു:**

ശഅബാൻ മാസത്തിൽ വ്രതമെടുക്കുന്നത് പ്രത്യേകം ശ്രേഷ്ഠകാരമാണ് എന്ന് ഈ ഹദീസിൽ നിന്നും മനസ്സിലാക്കാം. [ഫത്ഹുൽബാരി].

**ശഅബാൻ പൂർണമായി നോമ്പുണ്ടോ?**

عَنْ أُمِّ الْمُؤْمِنِينَ عَائِشَةَ رَضِيَ اللَّهُ عَنْهَا قالت: وَلَمْ أَرَهُ صَائِمًا مِنْ شَهْرٍ قَطُّ أَكْثَرَ مِنْ صِيَامِهِ مِنْ شَعْبَانَ، كَانَ يَصُومُ شَعْبَانَ كُلَّهُ، كَانَ يَصُومُ شَعْبَانَ إِلَّا قَلِيلًا

ശഅബാൻ മാസത്തിലെ നോമ്പിനേക്കാൾ ധാരാളമായി മറ്റൊരു മാസത്തിലും അവിടുത്തെ നോമ്പുകാരനായി ഞാൻ കണ്ടിട്ടില്ല. വളരെ കുറച്ച് ദിവസങ്ങളൊഴികെ ശഅബാൻ മുഴുവനായും അദ്ദേഹം നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു." (മുസ്‌ലിം:)

**ഇമാം നവവി (റ) പറഞ്ഞു:**

قَالَ النَّوَوِيُّ رَحِمَهُ اللَّهُ: «وَبَيَان أَنَّ قَوْلَهَا (كُلَّهُ) أَيْ: غَالِبَهُ»

ശഅബാൻ മുഴുവനായും എന്നു പറഞ്ഞാൽ ഭൂരിഭാഗവും എന്നാണുദ്ദേശ്യം. (ശർഹുമുസ്‌ലിം)

- **നബി (സ) പൂർണമായും നോമ്പ് നോറ്റ മാസം റമദാൻ മാത്രം.**

عَنْ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ : مَا صَامَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ شَهْرًا كَامِلا قَطُّ غَيْرَ رَمَضَانَ

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: "നബി (സ) റമളാൻ ഒഴികെ മറ്റൊരു മാസവും പൂർണമായി നോമ്പ് നോറ്റിട്ടില്ല" (ബുഖാരി/മുസ്ലിം)

عَنْ أُمِّ سَلَمَةَ رضي الله عنها قَالَتْ : مَا رَأَيْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صَامَ شَهْرَيْنِ مُتَتَابِعَيْنِ إِلا أَنَّهُ كَانَ يَصِلُ شَعْبَانَ بِرَمَضَانَ .

ഉമ്മു സലമയിൽ (റ) നിന്നും നിവേദനം: അവർ പറഞ്ഞു: നബി ﷺ റമളാനും ശഅബാനും പരസ്പരം ചേർത്ത് നോമ്പ് പിടിക്കാറുണ്ടായിരുന്നു എന്നതൊഴിച്ചാൽ, രണ്ട് മാസങ്ങൾ തുടർച്ചയായി അദ്ദേഹം നോമ്പെടുക്കുന്നത് ഞാൻ കണ്ടിട്ടില്ല. (അഹ്മദ്/അബൂദാവൂദ്)

- ചുരുക്കത്തിൽ ശഅബാൻ അധികദിവസവും നോമ്പ് എടുത്തു, എന്നാൽ മുഴുവനായും എടുത്തിട്ടില്ല എന്നതാണ് കൂടുതൽ പ്രബലമായിട്ടുള്ളത്.

## 3. ജനങ്ങൾ അശ്രദ്ധരാകുന്ന മാസം.

ഉസാമ ഇബ്നു സൈദ് (റ) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം.

ذَلِكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ بَيْنَ رَجَبٍ ورَمَضان،

റജബിന്റെയും റമദാനിന്റെയും ഇടയിൽ ജനങ്ങൾ അശ്രദ്ധയിലാകുന്ന മാസമാണത്. (അഥവ ശഅബാൻ മാസം)

- വരാൻ പോകുന്ന മാസം റമദാൻ ആണ് അത് എല്ലാവർക്കും അറിയാം. അത് ആരാധനയുടെ മാസമാണ്.
- ശഅബാനിന് മുമ്പുള്ള മാസം റജബുമാണ്. അത് പവിത്രമായ മാസമാണ്. ആളുകൾ ആ മസത്തെക്കുറിച്ച് ചർച്ച ചെയ്യും.
- എന്നാൽ ആളുകൾ അശ്രദ്ധരാകുന്ന മാസമാണ് ശഅബാൻ മാസം.
- നാം ഈ മാസത്തിൽ അശ്രദ്ധരാകാതെ നന്മയിൽ മുന്നേറുവാൻ പരിശ്രമിക്കണം.

1. ദിക്റുകളും ദുആകളും വർദ്ധിപ്പിക്കുക
2. ക്വുർആൻ പാരായണവും പഠനവും

**വിശ്വാസികളുടെ ഗുണമായി അല്ലാഹു പറഞ്ഞത്.**

فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَىٰ وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ ﴿الأنبياء: ٩٠﴾

### 4. നഷ്ടമായ നോമ്പുകൾ നോൽക്കുക.

- കഴിഞ്ഞ റമദാനിൽ നഷ്ടപെട്ട നോമ്പുകൾ നോറ്റ് വീട്ടാൻ ബാക്കിയുള്ളവർ ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.
- കോവിഡിന്റെ പശ്ചാത്തലത്തിൽ പലർക്കും നോമ്പുകൾ നഷ്ടപ്പെട്ടു പോയ വർഷമാണ് കഴിഞ്ഞ രണ്ടു റമദാനുകൾ

عَنْ عَائِشَةَ رضى الله عنها تَقُولُ كَانَ يَكُونُ عَلَيَّ الصَّوْمُ مِنْ رَمَضَانَ، فَمَا أَسْتَطِيعُ أَنْ أَقْضِيَ إِلاَّ فِي شَعْبَانَ

ആഇശ (റ) പറയുന്നു: റമളാനിലെ നോമ്പ് എനിക്ക് നോറ്റുവീട്ടാൻ ബാക്കിയുള്ളത് ശഅബാനിലാണ് നോറ്റ് വീട്ടാൻ എനിക്ക് കഴിഞ്ഞിരുന്നത്. (ബുഖാരി)

- രോഗകാരണത്താലോ മറ്റോ നോമ്പനുഷ്ഠിക്കാൻ കഴിയാതിരുന്നവരും ഇക്കാര്യം ശ്രദ്ധിക്കണം.

أَيَّامًا مَّعْدُودَاتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُ ۚ وَأَن تَصُومُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ ﴿البقرة: ١٨٤﴾

- നോമ്പെടുത്ത് വീട്ടാൻ കഴിയാത്തവർ ഫിദ്'യ നൽകണം. ഒരു മിസ്കീനിന് ഒരു നേരത്തെ ഭക്ഷണമാണ് ഫിദ്'യ നൽകേണ്ടത്.

## 5. ശഅ്ബാൻ പകുതി പിന്നിട്ടാൽ പിന്നെ നോമ്പ് പാടില്ലേ?

- ശഅ്ബാൻ പകുതി പിന്നിട്ടാൽ പിന്നെ നോമ്പ് നോൽക്കരുത് എന്ന ഹദീസിനെ കുറിച്ച്  ചില കാര്യങ്ങൾ നാം അറിയേണ്ടതുണ്ട്.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: إِذَا بَقِيَ نِصْفٌ مِنْ شَعْبَانَ فَلاَ تَصُومُو

അബൂ ഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ശഅബാനിലെ പകുതി മാത്രം ബാക്കിയായാൽ നിങ്ങൾ നോമ്പ് പിടിക്കരുത്. (തിർമിദി)

- ശൈഖ് ഇബ്നു ബാസ് (റഹി) പറയുന്നു: അതിന്റെ പൊരുൾ ശഅബാൻ പകുതിക്ക് വെച്ച് നോമ്പ് നോൽക്കാൻ തുടങ്ങരുത് എന്നതാണ്. എന്നാൽ ഒരാൾ ശഅബാൻ പൂർണമായോ ഭൂരിഭാഗമോ നോമ്പെടുത്താൽ അവൻ അവന് ആ സുന്നത്ത് ലഭിച്ചിരിക്കുന്നു. (മജ്മൂഉ ഫതാവ)
- ശഅബാൻ ഏറെക്കുറെ പൂർണമായും നോമ്പെടുക്കണം എന്ന ഉദ്ദേശത്തോടെ നേരത്തെ നോമ്പ് എടുത്ത് തുടങ്ങിയവർക്ക് പകുതി പിന്നിട്ട ശേഷവും നോമ്പ് തുടരുന്നത് കുഴപ്പമില്ലെന്നർത്ഥം.
- അതേപോലെ ശഅബാൻ മാസത്തിന്റെ അവസാനത്തിൽ റമളാന് ഒന്നോ രണ്ടോ ദിവസം മുൻപായി നോമ്പ് നോൽക്കരുതെന്നും കൽപ്പനയുണ്ട്.

عَنْ أَبِي هُرَيْرَةَ، ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ : لاَ يَتَقَدَّمَنَّ أَحَدُكُمْ رَمَضَانَ بِصَوْمِ يَوْمٍ أَوْ يَوْمَيْنِ، إِلاَّ أَنْ يَكُونَ رَجُلٌ كَانَ يَصُومُ صَوْمَهُ فَلْيَصُمْ ذَلِكَ الْيَوْمَ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളാരും തന്നെ റമളാനിന്റെ ഒന്നോ രണ്ടോ ദിവസങ്ങൾ മുമ്പ് നോമ്പെടുക്കരുത്. സ്ഥിരമായി അന്നേ ദിവസം (സുന്നത്ത്) നോമ്പ് പിടിക്കുന്നവനാണെങ്കിലോ അവന് ആ ദിവസം നോമ്പനുഷ്ഠിക്കാം. (ബുഖാരി)

## 6. റമദാനിന് വേണ്ടി ഒരുങ്ങുക.

كان عمرو بن قيس رحمه الله:إذا دخل شعبان أغلق تجارته وتفرغ لقراءة القرآن، وكان يقول: طوبى لمن أصلح نفسه قبل رمضان.

അംറ് ബ്നു ഖൈസ്(റ) ശഅബാൻ ആഗതമായാൽ കച്ചവടം നിർത്തിവെക്കുകയും ഖുർആൻ പാരായണത്തിന് വേണ്ടി ഒഴിഞ്ഞിരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: "റമാദാനിന് മുമ്പ് തന്റെ മനസ്സിനെ നന്നാക്കിയവന് മംഗളം. (ലത്വാഇഫുൽ മആരിഫ്:)

قَالَ الْإِمَامُ ابْنُ رَجَبٍ الْحَنْبَلِيُّ رَحِمَهُ اللهُ: لَمَّا كَانَ شَعْبَانُ كَالْمُقَدِّمَةِ لِرَمَضَانَ شُرِعَ فِيهِ مَا يُشْرَعُ فِي رَمَضَانَ مِنَ الصِّيَامِ وَ قِرَاءَةِ الْقُرْآنِ لِيَحْصُلَ التَّأَهُبَ لِتَلَقِّي رَمَضَانَ، وتَرْتَاضَ النُّفُوسُ بِذَلِكَ عَلَى طَاعَةِ الرَّحْمَنِ

ഇമാം ഇബ്നു റജബ് അൽ ഹംബലി (റഹി) പറഞ്ഞു: 'ശഅബാൻ റമദാനിനൊരു മുഖവുര പോലെയാണ്' എന്നതുകൊണ്ട് റമദാനിൽ ശറആക്കപ്പെടുന്ന (നിയമമാക്കപ്പെട്ട) നോമ്പ്, ഖുർആൻ പാരായണം തുടങ്ങിയ ഇബാദത്തുകൾ ശഅബാനിലും ശറആക്കപ്പെട്ടിരിക്കുന്നു. റമദാനിനെ വരവേൽക്കാനായുള്ള തയ്യാറെടുപ്പിനും, മനസ്സുകൾ ആ ഇബാദത്തുകളാൽ റഹ്മാനായ റബ്ബിലേക്ക് സർവാത്മനാ കീഴൊതുങ്ങാനും വേണ്ടിയാണത്. (ലത്വാഇഫുൽ മആരിഫ്)

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- https://chat.whatsapp.com/KQnzLwVGHXi@wLHRSFaAmR ഈ ലിങ്ക് വഴി വാട്സാപ്പ് ഗ്രൂപ്പിൽ അംഗമാവുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.